LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം, മെ. ത്രീസ്റ്റാർ ക്രിയേഷൻസ് ആലുവ, എ മെ. ഭാരത് ജെ.എം. എഞ്ചിനീയറിംഗ്, തൊടുപുഴ (ഇടുക്കി), മെ. ആർട്ടിക് ബാത്ത് പ്രൈവറ്റ് ലിമിറ്റഡ്, കിൻഫ്ര പാർക്ക്, കൊരട്ടി (തൃശ്ശൂർ), മെ. സ്റ്റീലെക്സ് ഇന്നോവേഷൻസ്, ന്യൂ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഏരിയ കഞ്ചിക്കോട് (പാലക്കാട്), മെ. ട്രസ്റ്റീൽ പെബ് പ്രൈവറ്റ് ലിമിറ്റഡ് കഞ്ചിക്കോട് (പാലക്കാട്), ബ്ലൂ-മൗണ്ട് ഗ്രൂപ്പ്, വെസ്റ്റ്ഹിൽ കോഴിക്കോട്. മെ. സിൻസിയർ എക്സ്ട്രാക്ഷൻ, കുറ്റിപ്പുറം (മലപ്പുറം), കോഴിക്കോടൻ അഗ്രോഫുഡ് & എക്സ്പോർട്ടേഴ്സ് ലിമിറ്റഡ് കാക്കൻചേരി, (മലപ്പുറം) മലയിൽ ഫുഡ് പാർക്ക്, മലപ്പുറം അലൂ ക്രാഫ്റ്റ് മാനുഫാക്ചറിംഗ് & മാർക്കറ്റിങ്, പെരിന്തൽമണ്ണ, മലപ്പുറം മെ. നിസാമി ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ്, കിൻഫ്ര പാർക്ക് നാടുകാണി (കണ്ണൂർ). മെ. മാർഷൽ ഇൻഡസ്ട്രീസ്, കൊലക്കോട് (കണ്ണൂർ), മെ. സൺറൈസ് അഗ്രോ ഫുഡ് പ്രോഡക്ട്സ് അനന്തപുരം (കാസർഗോഡ്) .

(സി) പ്രവാസി വ്യവസായികളെ ആകർഷിക്കുന്നതിനായി മുഖ്യമന്ത്രി ഗൾഫ് രാജ്യങ്ങൾ സന്ദർശിച്ചതിന്റെ ഫലമായി സംസ്ഥാനത്ത് നിക്ഷേപം സാധ്യമായിട്ടുണ്ടോ; വിശദവിവരം നൽകുമോ?

അസെൻഡ് 2020 ഉൾപ്പെടെയുള്ള നിക്ഷേപ സംഗമങ്ങളിൽ താൽപ്പര്യം പ്രകടിപ്പിച്ച് പ്രവാസി ഗൾഫ് മലയാളികൾ ഉൾപ്പെടെയുള്ളവർ മുന്നോട്ടു വന്നിട്ടുള്ളത് ഇത്തരം ഔദ്യോഗിക സന്ദർശനങ്ങളിൽ നടത്തുന്ന ഫലപ്രദമായ ഇടപെടലുകൾമൂലമാണെന്ന് വിലയിരുത്തിയിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി.മാരുടെ നിയമനം

175 (1905) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ എം. ഡി. നിയമനത്തിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി.-മാരുടെ നിയമനത്തിനായി പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനമേഖലയ്ക്കും സ്വഭാവത്തിനുമനുസരിച്ചുള്ള വിദ്യാഭ്യാസ യോഗ്യത, അഭികാമ്യ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഒഴിവ് വരുന്ന മുറയ്ക്ക് പ്രസ്തുത യോഗ്യത നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ്

LIBRARY ARCHIVES Kerala Legislative Assembly

സഹിതം പ്രസ്തുത തസ്തികയിലേയ്ക്ക് അനുയോജ്യരായവരെ തെരഞ്ഞെടുത്ത് നൽകുന്നതിനായി കേരള പബ്ലിക് എന്റർപ്രൈസ് സെലക്ഷൻ ബോർഡിനോട് (KPESB) അഭ്യർത്ഥിക്കുകയും അതിൻപ്രകാരം KPESB യുടെ വെബ് സൈറ്റിൽ വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും, അതിൽനിന്നും യോഗ്യരായവരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കി, ഇന്റർവ്യൂ നടത്തി അനുയോജ്യരായവരെ അറിയിക്കുകയും ചെയ്യുന്നു. വിജിലൻസ് ക്ലിയറൻസ് ലഭിച്ചതിനുശേഷം ക്യാബിനറ്റിൽ വച്ച് അംഗീകാരം നേടി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നു.

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്പിന്നിംഗ് മില്ലുകൾ നിലവിൽ എം.ഡി.-മാരായി തുടരുന്നവരുടെ പേര്, വിദ്യാഭ്യാസ യോഗ്യത, നിയമന കാലാവധി എന്നിവ വിശദമാക്കുമോ?

വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) എം. ഡി. തസ്തികയിൽ ഒന്നിൽ കൂടുതൽ (ഇരട്ടപദവിയിൽ) മേൽ സ്ഥാപനങ്ങളിൽ തുടരുന്നവരുടെ വിശദാംശങ്ങൾ നൽകുമോ?

എം. ഡി. തസ്തികയിൽ ഒന്നിൽ കൂടുതൽ (ഇരട്ടപദവിയിൽ) തുടരുന്നവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) ഏതെല്ലാം എം.ഡി.-മാരുടെ പേരിൽ വിജിലൻസ് പരാതിയിന്മേൽ അന്വേഷണം നടക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ താഴെപ്പറയുന്ന മുൻ/നിലവിലുള്ള മാനേജിംഗ് ഡയറക്ടർമാർക്കെതിരെ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ അന്വേഷണം നടക്കുന്നുണ്ട്.

(1) ശ്രീ. എൻ. ആർ.സുബ്രഹ്മണ്യൻ മുൻ മാനേജിംഗ് ഡയറക്ടർ, മലബാർ സിമന്റ്സ് ലിമിറ്റഡ്

(2) ശ്രീ. പ്രഭാത് കുമാർ, മുൻ മാനേജിംഗ് ഡയറക്ടർ, ടെൽക്

(3) ശ്രീ. സജി ബഷീർ, മുൻ മാനേജിംഗ് ഡയറക്ടർ, സിഡ്കോ & മുൻ മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്.

(4) ശ്രീ. അസിം ഇസ്മയിൽ, മാനേജിംഗ് ഡയറക്ടർ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്.

(5) ശ്രീ. സായ്ദേവ്, എം. ഡി., സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(6) ശ്രീ. കെ. വി. മേനോൻ, മുൻ ചെയർമാൻ, മാനേജിംഗ് ഡയറക്ടർ, ടെക്സ്റ്റൈൽ ഫെഡറേഷൻ കേരള ലിമിറ്റഡ്.

(7) ശ്രീ. ടി. സി. ഖാലിദ്, മുൻ മാനേജിംഗ് ഡയറക്ടർ, തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ലിമിറ്റഡ്.

(8) ശ്രീ. ഈപ്പൻ ജോസഫ്, മുൻ മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്.

(9) ശ്രീ. ജേക്കബ് തോമസ്, ഐ.പി.എസ്. മുൻ മാനേജിംഗ് ഡയറക്ടർ, മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്.

(10) ശ്രീ. എം. പ്രകാശ്, മുൻ മാനേജിംഗ് ഡയറക്ടർ, ഹാന്റക്സ്.

(11) ശ്രീ. എം. കെ. സലിം, മാനേജിംഗ് ഡയറക്ടർ, മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ.

(12) ശ്രീ. കെ. പത്മകുമാർ, മുൻ മാനേജിംഗ് ഡയറക്ടർ, മലബാർ സിമന്റ്സ് ലിമിറ്റഡ്.

ചക്കയിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ

176 (1906) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ചക്കയിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി വ്യവസായ വകുപ്പിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതികൊണ്ട് എന്തെല്ലാമാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ;

&

(സി) നിലവിൽ എന്തെല്ലാം നടപടിക്രമങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ളതെന്ന് വിശദമാക്കുമോ?

വയനാട് ജില്ലയിൽ ചക്കയിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രത്യേക പദ്ധതികളൊന്നും വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല. ചക്ക ഉൾപ്പെടെയുള്ള പഴവർഗ്ഗങ്ങളിൽനിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന സംരംഭങ്ങളെ വ്യവസായ വകുപ്പിന്റെ സംരംഭകത്വ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.